On...17/01/2020

07/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.1567(4)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10088/എസ്.ഐ.സി-ജി 2/2015

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മംഗലത്തുകോണം സുധി,
രാഗം നിവാസ്, പുത്തൻകാനം,
കട്ടച്ചൽകുഴി പി.ഒ., ബാലരാമപുരം,
തിരുവനന്തപുരം- 695 501. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
പൊതുഭരണ (പാർലമെന്റ്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
അഡീഷണൽ സെക്രട്ടറി,
പൊതുഭരണ (പാർലമെന്റ്) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.05.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | Nil |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15.06.2015 |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിക്കുന്ന ഹിന്ദു-നാടാർ, എസ്.എ.യു.സി നാടാർ, ക്രിസ്ത്യൻ നാടാർ, എൽ.സി നാടാർ, പരിവർത്തിത നാടാർ തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന വിവരങ്ങൾ ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 03.07.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഒന്നാം എതിർകക്ഷി ഇതനുസരിച്ച് 15.07.2015 ൽ റിപ്പോർട്ട് നൽകി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ തന്റെ ഓഫീസിൽ ലഭ്യമല്ലാത്തതിനാലും, വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിന് നിയമപ്രകാരം നിർവാഹമില്ലാത്തതിനാലും ആവശ്യപ്പെട്ട വിവരങ്ങൾ നേരിട്ട് ലഭിക്കുന്നതിനായി ഭരണ വകുപ്പ് സെക്രട്ടേറിയറ്റിലെ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ സേവന പുസ്തകം കൈകാര്യം ചെയ്യുന്ന പന്ത്രണ്ട് സെക്ഷനുകളിലേക്ക് പ്രത്യകം അപേക്ഷ നൽകി ആവശ്യപ്പെടാം എന്നു കാട്ടിയാണ് മറുപടി നൽകിയതെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിന് ശേഷം കമ്മീഷൻ 06.01.2020 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. പന്ത്രണ്ടിലേറെ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട വിവരങ്ങൾ ആണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും, അതുകൊണ്ടാണ് അവിടങ്ങളിൽ പ്രത്യകം അപേക്ഷ സമർപ്പിച്ച് വിവരങ്ങൾ തേടാവുന്നതാണെന്ന് മറുപടി നൽകിയതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു. പന്ത്രണ്ടിലേറെ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട വിവരങ്ങൾക്ക്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം കൈമാറുന്നത് സെക്രട്ടേറിയറ്റ് പോലെ ഏറെ തിരക്കുള്ള ഓഫീസിൽ പ്രായോഗികമല്ലാത്തതാണ്. അതുകൊണ്ട് അവിടങ്ങളിൽ ഓരോയിടത്തും പ്രത്യകം അപേക്ഷ സമർപ്പിച്ച് വിവരങ്ങൾ തേടാവുന്നതാണെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി കമ്മീഷൻ ശരിവയ്ക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 07.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re